# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.192/PR/PIC/PHQ/18 Date : 01.08.2018

## സ്ത്രീശാക്തീകരണവും അവസരതുല്യ ഉറപ്പാക്കലും സർക്കാർ ലക്ഷ്യം – മുഖ്യമന്ത്രി

വിവിധ മേഖലകളിൽ സ്ത്രീകൾക്ക് തുല്യാവസരങ്ങൾ ഉറപ്പുവരുത്തുക, അതുവഴി സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുകയും സ്ത്രീശാക്തീകരണം കൈവരിക്കുകയും ചെയ്യുക എന്നതാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൃശ്ശൂർ കേരള പോലീസ് അക്കാദമിയിൽ കേരള പോലീസിന്റെ ആദ്യ വനിതാ ബറ്റാലിയൻ പാസ്സിങ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു പ്രത്യേക വകുപ്പുതന്നെ രൂപവത്കരിച്ചു. വികസനപദ്ധതികളാവിഷ്കരിക്കമ്പോൾ അതിൽ സ്ത്രീപക്ഷ കാഴ്ച്ചപ്പാട് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സ്ത്രീസുരക്ഷ ഉറപ്പാക്കുക എന്നതും സർക്കാർ വലിയ പരിഗണന നല്കുന്ന ഒന്നാണ്. പൂർണമായും വനിതകളെ ഉൾപ്പെടുത്തി പോലീസിന്റ പിങ്ക് പട്രോൾ സംസ്ഥാനത്തിന്റെ പ്രധാന നഗരങ്ങളിൽ ആവിഷ്കരിച്ചത് അതിന്റെ ഭാഗമാണ്. എല്ലാ പഞ്ചായത്തിലും പോലീസിനൊപ്പം സ്ത്രീസുരക്ഷ ഉറപ്പാക്കാൻ നിർഭയ വോളണ്ടിയർമാർ, അതിക്രമങ്ങളെ നേരിടാനുള്ള സ്വയംപ്രതിരോധ പരിശീലനം, പഞ്ചായത്തുതലത്തിൽ അദാലത്ത് തുടങ്ങിയ വിവിധ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പോലീസിലെ വനിതാപ്രാതിനിധ്യം ഘട്ടം ഘട്ടമായി 25 ശതമാനമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. ആദ്യഘട്ടത്തിൽ അത് 15 ശതമാനമാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. വനിതകൾക്കുള്ള പ്രത്യേക റിക്രൂട്ട്മെന്റിനൊപ്പം, സാധാരണ റിക്രൂട്ട്മെന്റിലും വനിതകൾക്ക് അപേക്ഷിക്കുവാൻ കഴിയണം.

മതനിരപേക്ഷ സമൂഹം നിലനിറുത്തുന്നതിനാണ് പോലീസ് എപ്പോഴും ശ്രമിക്കേണ്ടത്. അതുൾപ്പെടെ ഏതു സാഹചര്യങ്ങളെയും നേരിടാനുള്ള മികച്ച ട്രെയിനിങ് ബറ്റാലിയൻ അംഗങ്ങൾക്ക് നല്കിയിട്ടുണ്ട് മുഖ്യമന്ത്രി പറഞ്ഞു.

2017 ലാണ് സർക്കാർ തീരുമാനപ്രകാരം ഒരു വനിതാ പോലീസ് ബറ്റാലിയൻ തിരുവനന്തപുരം ആസ്ഥാനമാക്കി തുടങ്ങിയത്. കഴക്കൂട്ടം മേനംകുളത്ത് 10 ഏക്കറിൽ വനിതാ ബറ്റാലിയന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ആകെ 578 റിക്രൂട്ട് വനിതാ

പോലീസ് സേനാംഗങ്ങളാണ് പരിശീലനം പൂർത്തിയാക്കിയിട്ടുള്ളത്. അവരിൽ 44 പേർ കമാൻഡോ പരിശീലനം നേടിയിട്ടുള്ളവരാണ്. ഇവരെ ഉപയോഗപ്പെടുത്തി ആദ്യമായി സംസ്ഥാനത്ത് ഒരു വനിതാ കമാൻഡോ വിങ്ങും ഇതോടൊപ്പം ആരംഭിക്കും.

ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, കേരള പോലീസ് അക്കാദമി ഡയറക്ടർ ഡോ ബി സന്ധ്യ എന്നിവർ അഭിവാദ്യം സ്വീകരിച്ചു. തൃശൂർ സിറ്റി കോർപറേഷൻ മേയർ അജിത ജയരാജൻ, മേഖല ഐ ജി എം ആർ അജിത് കുമാർ, സിറ്റി പോലീസ് കമ്മീഷണർ യതീഷ് ചന്ദ്ര, റൂറൽ എസ് പി എം കെ പുഷ്കരൻ, സബ് കളക്ടർ രേണുരാജ് എന്നിവർ പങ്കെടുത്തു. ചടങ്ങിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ഫോർ ബെസ്റ്റ് കേഡറ്റ് കെ പി അജിതയ്ക്കും ബെസ്റ്റ് കമാൻഡോ ദയാ പാർവ്വതിയ്ക്കും പരേഡ് കമാൻഡർ എസ് അൻസിക്കും ബെസ്റ്റ് ഔട്ട്ഡോർ പി റ്റി പ്രിറ്റിമോൾക്കും ബെസ്റ്റ് ഇൻഡോർ ജോസ്ന ജോയിക്കും ബെസ്റ്റ് ഷൂട്ടർ പി. ആർ നിമിഷയ്ക്കും സമ്മാനിച്ചു. തുടർന്ന് വനിതാ കമാൻഡോകളുടെ വിവിധ ഡെമോൺസ്ട്രേഷനും കളരി അഭ്യാസവും നടന്നു. ഈ ബാച്ചിൽ 82 പേർക്ക് ബിരുദാനന്ത ബിരുദം, 19 പേർക്ക് ബി ടെക്, അഞ്ച്പേർക്ക് എം ബി എ, നാലുപേർക്ക് എം സി എ, 55 പേർക്ക് ബിരുദാനന്തര ബിരുദത്തോടൊപ്പം ബി എഡ്, ഒരാൾക്ക് എം എഡ്, 62 പേർക്ക് ബിരുദത്തോടൊപ്പം ബി എഡ്, മൂന്നുപേർക്ക് ബിരുദത്തോടൊപ്പം ഡിപ്ലോമ, 229 പേർക്ക് ബിരുദം, 23 പേർക്ക് പോളിടെക്നിക് ഡിപ്ലോമ, 21 പേർക്ക് ടി ടി സി, 60 പേർക്ക് ഹയർ സെക്കന്ററി, 14 പേർക്ക് എസ് എസ് എൽ സി യോഗ്യതയുള്ളവരാണ്. കേരളത്തിൽ ആദ്യമായി വനിത ഇൻസ്ട്രക്ടർമാരുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ളവരാണ് ഈ ബാച്ചിലെ വനിതാ ട്രെയിനികൾ. അടിസ്ഥാന നിയമങ്ങൾക്കും, വിവിധ സ്പെഷ്യൽ നിയമങ്ങൾക്കും പുറമേ കളരി, യോഗ, കരാട്ടേ, നീന്തൽ, ഡ്രൈവിങ്, കംപ്യൂട്ടർ, സോഫ്റ്റ് സ്കില്ലുകൾ, ഫയറിങ്, ആയുധങ്ങൾ, വനത്തിനുള്ളിലെ പരിശീലനം, സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ, ദുരന്തനിവാരണം തുടങ്ങി വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

ആദ്യത്തെ ഈ ലേണിങ് പരിശീലനം, വ്യക്തിത്വവികാസത്തിനും, സ്വതന്ത്രമായി ചിന്തിക്കുന്നതിനും കാര്യപ്രാപ്തിയോടുകൂടി പോലീസ് ജോലി അർപ്പണമനോഭാവത്തോടുകൂടി പ്രായോഗിക തലത്തിൽ നിർവ്വഹിക്കുന്നതിന് സിൻഡിക്കേറ്റ് ഗ്രൂപ്പുകളും, ഹോബി ക്ലബ്ബുകളും സജീവമായി ഉപയോഗപ്പെടുത്തിയ ആദ്യത്തെ ബാച്ച് തുടങ്ങിയ സവിശേഷതകളും പരിശീലനത്തിലുണ്ട്. ഐക്യരാഷ്ട്ര സഭയുടെ വിമൻ ട്രെയിനിങ് സെന്റർ ഇ-ലേണിങ് ക്യാമ്പസിൽ നിന്നും " ഐ നോ ജൻഡർ - 1,2,3 " മൊഡ്യൂളുകൾ പൂർത്തിയാക്കിയിട്ടുള്ളവരാണ് ഈ സേനാംഗങ്ങൾ. കേസ് ഡയറി തയ്യാറാക്കുന്നവിധം തുടങ്ങി കുറ്റാന്വേഷണത്തിലും പരിശീലനം നല്കിയിട്ടുണ്ട്.

************